ഉത്തരം

(എ) കയ്യൂർ ഗവണ്മെന്റ് ഐ.ടി.ഐ.യ്ക്ക് ട്രെയിനിംഗ് ഉപകരണങ്ങൾ സംഭരണം ചെയ്യുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നം.3760/98/തൊഴിൽ തീയതി 25.11.98 പ്രകാരം 36 ലക്ഷം രൂപയ്ക്കും, ഫർണിച്ചർ വാങ്ങുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നം. 3121/98/തൊഴിൽ തീയതി 9.10.98 പ്രകാരം 4,85,425 രൂപയ്ക്കും സർക്കാരിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 'കോപ്പാ' ട്രേഡിലേക്ക് കംപ്യൂട്ടർ സംഭരണത്തിനുവേണ്ടി സർക്കാർ ഉത്തരവ് (സാധാ) നം. 701/99/തൊഴിൽ തീയതി 8.3.99 പ്രകാരം 4,72,834/- രൂപയുടെ സംഭരണാനുമതിയും സർക്കാർ നൽകിയിട്ടുണ്ട്.

(ബി) 25.11.98, 9.10.98, 8.3.99 തീയതികളിലെ മേൽ വിവരിച്ച സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 10,34,940/- രൂപയുടെ വിതരണ ഉത്തരവുകൾ പ്രസ്തുത സ്ഥാപനത്തിലെ സാധന സംഭരണത്തിനായി പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉത്തരവ് ലഭിച്ച അതേ സാമ്പത്തിക വർഷത്തിൽ തന്നെ മൊത്തം ഐ.ടി.ഐ. കൾക്കായി വകകൊള്ളിച്ചിട്ടുള്ള 60 ലക്ഷം രൂപയിൽ നിന്നും 10,34,940/- രൂപയുടെ ഉപകരണങ്ങളും ഫർണിച്ചറുകളും കയ്യൂർ ഐ.ടി.ഐ. യിൽ മാത്രമായി വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. 1999-2000 സാമ്പത്തിക വർഷത്തിൽ 1,96,784/- രൂപയുടെ ഫർണിച്ചറുകൾ സംഭരിക്കുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നുണ്ട്.

(ഡി) ഉത്തരവു പ്രകാരമുള്ള ഫർണിച്ചറുകൾ, ഉപകരണങ്ങൾ എന്നിവയിൽ തുടർന്ന് സംഭരണം നടത്തേണ്ടവയുടെ നടപടികൾ ഇപ്പോൾ നടന്നു വരികയാണ്. 1,96,784/- രൂപയുടെ ഫർണിച്ചറുകൾ നേരിട്ടു സംഭരിക്കുന്നതിനുവേണ്ട നടപടികൾ ഈ സാമ്പത്തിക വർഷത്തിൽ തന്നെ സ്വീകരിക്കുന്നുണ്ട്. കൂടാതെ അത്യാവശ്യ സാധനസാമഗ്രികൾ സംഭരിക്കുന്നതിനുവേണ്ട ടെണ്ടർ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

ജൂനിയർ ഇൻസ്ട്രക്ടർമാരുടെ നിയമനം

175 (1663)ശ്രീ. എൻ.ആർ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവണ്മെന്റ് ഐ.ടി.ഐ.കളിൽ ജൂനിയർ ഇൻസ്ട്രക്ടർമാരുടെ (സിവിൽ) ഒഴിവുകളിൽ സ്ഥിര നിയമനം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള പി.എസ്.സി. ലിസ്റ്റ് നിലവിൽ വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവിധ ഗവണ്മെന്റ് ഐ.ടി.ഐ. കളിലായി ജൂനിയർ ഇൻസ്ട്രക്ടർമാരുടെ (സിവിൽ) എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) ഗവണ്മെന്റ് ഐ.ടി.ഐ.കളിൽ നിലവിലുള്ള സിവിൽ ജൂനിയർ ഇൻസ്ട്രക്ടർമാരുടെ എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ചില ട്രേഡുകളിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഏഴ്.

(ഡി) ഏഴ് ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം

176 (1664)ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുതുതായി എത്രപേരാണ് സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ എത്ര പേർക്ക് ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികയിൽ നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ എത്ര പേരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് 1.5.1996 മുതൽ 31.12.1999 വരെ പുതുതായി എംപ്ലോയ്മെന്റിൽ പേരു രജിസ്റ്റർ ചെയ്തവരുടെ എണ്ണം 7,92,265 ആണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1.5.1996 മുതൽ 31.12.1999 വരെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന 72,989 പേർക്ക് ജോലി ലഭിച്ചു. ഇവരുടെ വകുപ്പ്/തസ്തിക എന്നിവ തിരിച്ചുള്ള കണക്കുകൾ പ്രത്യേകമായി സൂക്ഷിച്ചു വരുന്നില്ല.

(സി) ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കനുസരിച്ച് 31.12.1999 വരെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം 3900641 ആണ്.

വർക്കലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

177(1665)ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉണ്ട്;

(ബി) എല്ലാ നിയോജകമണ്ഡലങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) വർക്കലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കണമെന്നുള്ള നിരന്തരമായ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly